II. ADJOURNMENT MOTION

Strike by cashew workers

മി. സ്പീക്കർ : ഇന്നലെ ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിനു് 9 A.M.] ബഹുമാനപ്പെട്ട മന്ത്രിക്കു് മറുപടി പറയാം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : കശുവണ്ടി തൊഴിലാളികൾ ബോണസിനുവേണ്ടി ഈ മാസം ഏഴാം തീയതി മുതൽ പണിമുടക്കു് തുടങ്ങിയിരിക്കുകയാണു്. പണിമുടക്കം തുടങ്ങുന്നതിനുമുമ്പു ഇക്കൊല്ലം 20 ശതമാനം ബോണസു് കൊടുക്കണമെന്നുള്ളതിനെ സംബന്ധിച്ചു് എല്ലാ ടെയിഡു് യൂണിയനുകളും ചേർന്നു് മാനേജ്മെൻറിനു് നോട്ടീസു് കൊടുക്കുകയും, അതോടനുബന്ധിച്ചു് മറ്റു രംഗത്തു് നടത്തേണ്ട കാര്യങ്ങളെ സംബന്ധിച്ചു പറയുകയും ചെയ്തിരുന്നു. കഴിഞ്ഞ കൊല്ലം 9ശതമാനം ബോണസാണു് കൊടുത്തതു്. ഇക്കൊല്ലം തൊഴിലാളികൾക്കു് 20 ശതമാനം ബോണസു് കിട്ടണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതിനെ സംബന്ധിച്ചു് ഒരു ഒത്തുതീർപ്പിലെത്തിക്കുന്നതിനു് ഡിസ്ട്രിക്കു് ലേബർ ഓഫീസർ ഒന്നു രണ്ടു പ്രാവശ്യം കോൺഫറൻസുകൾ വിളിച്ചു കൂട്ടിയെങ്കിലും ഒരു തീരുമാനം എടുക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. പക്ഷെ തൊഴിലാളികളും മാനേജ്മെൻറും തമ്മിൽ ഉണ്ടായിരുന്ന അകൽച്ച കുറെയൊക്കെ മാറ്റാൻ സാധിച്ചുവെന്നാണു് അറിയുന്നതു്. എങ്കിലും ഒത്തുതീർപ്പായില്ല. അതിനാൽ ലേബർ കമ്മീഷണർ ഒരു കോൺഫറൻസു് വിളിച്ചു കൂട്ടിയെങ്കിലും അതിലും ഒരു യോജിപ്പിലെത്തിക്കാൻ സാധിച്ചിട്ടില്ലെന്നാണു് അറിയുന്നതു്, ഒരു ലക്ഷത്തി അൻപതിനായിരത്തോളം തൊഴിലാളികളാണു് പണിമുടക്കിൽ പങ്കെടുത്തിരിക്കുന്നതു്. മാനേജ്മെൻറിൻെറ ഭാഗത്തുനിന്നും ഈ അടുത്തു് വേറൊരു Statements വന്നിട്ടുണ്ടു്. 13-8-1969 ൽ അതായതു് നാളെ ലേബർ കമ്മീഷണർ ഒരു കോൺഫറൻസു് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണു്. ആ കോൺഫറൻസിൽ വച്ചു് ഒരു തീരുമാനത്തിലെത്താൻ സാധിച്ചില്ലെങ്കിൽ ലേബർ മിനിസ്റ്റർ വന്നതിനുശേഷം ആവശ്യമായ നടപടികളും എടുക്കാമെന്നാണു് വിചാരിച്ചിരിക്കുന്നതു്.

Mr. Speaker : The Labour Minister is come. Has he anything to say on this in addition to what the Revenue Minister has stated.

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ) : സർ, കശുവണ്ടി തൊഴിലാളികളും ബോണസും പ്രശ്നം ഉന്നയിച്ചുകൊണ്ടു് ഒരു പണിമുടക്കു് നടത്തിവരികയാണു്. അതിനെപ്പറ്റി ഒരൊത്തുതീർപ്പുണ്ടാക്കുന്നതിനു് കൊല്ലം ഡിസ്ട്രിക്ടിലെ ലേബർ ഓഫീസർ ഒരു കൂടിയാലോചന നടത്തുകയുണ്ടായി. മുന്നു പ്രാവശ്യം കൂടിയാലോചനകളും നടത്തിയെങ്കിലും അതൊന്നുംതന്നെ വിജയിച്ചില്ല. നാലാമതായി ഈ കഴിഞ്ഞവെള്ളിയാഴ്ച ലേബർ കമ്മീഷണർതന്നെ ഒരു കാൺഫറൻസിൽ എല്ലാവരേയും വിളിച്ചുവരുത്തിതീരുമാനം എടുക്കാൻശ്രമിച്ചു. അതും വിജയിച്ചില്ലെന്നാണു് അറിയാൻ കഴിഞ്ഞതു്. ഇന്നു് നിലവിലുള്ള നിയമമനുസരിച്ചു് നടപ്പിലാക്കേണ്ട ഒരു കാര്യമാണു് ബോണസു്. മാനേജ്മെൻറും തൊഴിലാളികളും വളരെയധികം വാശിപിടിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിൽ നിയമമനുസരിച്ചു് ബോണസു് കൊടുക്കേണ്ടതു് എങ്ങനെയാണെന്നുള്ള കാര്യത്തെക്കുറിച്ചു തീരുമാനമെടുക്കുന്നതു് വളരെ പ്രയാസമുള്ള ഒരു സംഗതിയല്ല. ഒരു നിയമം നിലവിലുള്ള സന്ദർഭത്തിൽ ആ നിയമത്തിനു് അതീതമായി ഒരു തീരുമാനം എടുക്കുന്നതിനു് ഉഭയകക്ഷികളിൽനിന്നുള്ള സമ്മതം ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. എപ്പോഴും നിയമമനുസരിച്ചു് തീരുമാനം എടുക്കാൻ സാധിക്കാതെ വരുമ്പോൾ അപ്പോഴും ഗവണ്മെൻറു ചെയ്യുന്നതു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടു് ആക്ടനുസരിച്ചു് ബോണസു് പ്രശ്നം പെട്ടെന്നു് കൈകാര്യം ചെയ്യുന്നതിനു്

LIBRARY ARCHIVES Kerala Legislative Assembly

ഇരുകക്ഷികൾക്കും സമ്മതമായ ഒരു തീരുമാനത്തിൽ എത്തുന്നതിനു് അഡ്ജൂഡിക്കേഷനു് വിടും. അതല്ലെങ്കിൽ നിയമം റദ്ദാക്കി വേണം മേൽ നടപടികൾ നടത്താൻ. ഇങ്ങനെയുള്ള സന്ദർഭങ്ങളിലും ഇരുകക്ഷികൾക്കും സമ്മതത്തോടുകൂടിയ ഒരു തീരുമാനത്തിലെത്തിക്കാൻ ഗവണ്മെൻറിൽനിന്നും ആവശ്യമായ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടു്. ബോണസിനെപ്പറ്റിയുള്ള പ്രശ്നം ഉന്നയിച്ചപ്പോൾ, അതിൻറെ ഓരോ ഘട്ടത്തിലും ഗവണ്മെൻറിൽനിന്നും എടുത്തിട്ടുള്ള നടപടികൾ നോക്കുമ്പോൾ, ഇതിൽ പെട്ടെന്നു് ഒരു നടപടി എടുക്കുന്നതിനു് വളരെയധികം പ്രയാസങ്ങൾ ഉണ്ടെന്നു് കാണാവുന്നതാണു്. ആറുശതമാനം ബോണസു് കൊടുക്കാമെന്നു് മാനേജ്മെൻറും അതുപോരാ 13 ശതമാനം ബോണസു് വേണമെന്നു് തൊഴിലാളി യൂണിയനുകളും പറയുകയാണു്. ഇക്കാര്യത്തിൽ ഗവണ്മെൻറിനു് അവലംബിക്കാവുന്ന നടപടി ബോണസും കൊടുക്കുന്നതിനു് മാനേജ്മെൻറുകളെ നിർബന്ധിക്കുക എന്നതാണു്. അതിനപ്പുറം നിയമപരമായി ഒന്നുംതന്നെ ചെയ്യാൻ സാധിക്കുകയില്ല. നിലവിലുള്ള നിയമത്തെ ആശ്രയിച്ചുകൊണ്ടു് ഒരു തീരുമാനത്തിലെത്തണമോ അതോ ഉഭയകക്ഷികളുടെ സമ്മതം അനുസരിച്ചുള്ള ഒരു തീരുമാനത്തിലെത്തണമോ യെന്നുള്ളതാണു് ഇവിടത്തെ പ്രശ്നം. അതിനാവശ്യമായ പരിശ്രമങ്ങൾ നടത്തികൊണ്ടിരിക്കുകയാണു്. മുൻകൂർ ഒരു വിധിപറയുന്നതിനു് തൽക്കാലം ആർക്കും സാധിച്ചിട്ടില്ല. വൻതോതിൽ സംഘടിച്ചിട്ടുള്ള ഒരു ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾക്കു് അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നം വളരെ ഗൗരവമുള്ളതാണു്. പക്ഷെ അതിനെക്കാൾ ഗവണ്മെൻറിനു് വലുതായിട്ടുള്ളതു് നിയമം നടപ്പിലാക്കാൻ നിർബന്ധിക്കുകയെന്നുള്ളതാണു്. നിയമം മാറിവെയ്ക്കാൻ സാധ്യമല്ലാത്ത ഘട്ടത്തിൽ ഉഭയകക്ഷികളുടെ സമ്മതത്തിനു് വീണ്ടും വീണ്ടും പരിശ്രമങ്ങൾ നടത്തുമെന്നും ആ പരിശ്രമങ്ങളിൽ യൂണിയനുകളും മാനേജ്മെൻറും സഹകരിക്കണമെന്നുമാണു് ഗവണ്മെൻറിനു പറയുവാനുള്ളതു്. ഗവണ്മെൻറിൻറെ നിലപാടിൽ എപ്പോഴും യോജിക്കാതെ വരുമ്പോൾ അപ്പോഴും നിയമപരമായ നടപടികൾ അതിവേഗം എടുക്കുമെന്നും ഞാൻ ഈ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നിയമപരമായ നടപടികൾ മാത്രമേ ഇക്കാര്യത്തിൽ നടപ്പിലാക്കുകയുള്ളുവെന്നു് പറഞ്ഞിരുന്നാൽ കാര്യങ്ങൾ കുഴപ്പത്തിലാകും. അതുകൊണ്ടു് ഗൗരവമായ ഒരു പ്രശ്നമാണിതു്. അതുകൊണ്ടു് കഴിയുന്നതും വേഗം ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ കാലങ്ങളിൽ നടപടി എടുത്തിട്ടുള്ളതുപോലെ ഇക്കാര്യത്തിലും മുൻകൈയെടുത്തു് ഒരു ഒത്തു തീർപ്പുവരുത്തി പരിഹാരം ഉണ്ടാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഗവണ്മെൻറിൽനിന്നും ഒരു തീരുമാനം എടുക്കുമെന്നതന്നെയാണു് പറഞ്ഞതു്. പക്ഷെ രണ്ടുകക്ഷികളും യോജിക്കാത്ത അവസരത്തിൽ സമ്മർദ്ദം കൂടാതെ ഒരു യോജിപ്പിൽ എത്തിക്കാൻ സാധിക്കുന്ന തത്വം സ്വീകരിക്കുന്നതായിരിക്കും നല്ലതെന്നാണു് ഗവണ്മെൻറു കരുതുന്നതു്. കഴിഞ്ഞ വെള്ളിയാഴ്ച മാത്രമാണു് ലേബർ കമ്മീഷണർ ഒരു കോൺഫറൻസു് വിളിച്ചുകൂട്ടിയതു്. ഓണത്തിനു് സാധാരണ കൊടുക്കാറുള്ള ബോണസു് ലഭിക്കുന്നതിനു് ഒരു മാസത്തിനു് മുമ്പേയുള്ള സമ്മർദ്ദം ആവശ്യം ഉണ്ടായിരുന്നുവോയെന്നും സംശയിക്കുകയാണു്.

ശ്രീ. ആർ. എസ്. ഉണ്ണി : ബഹുമാനപ്പെട്ട തൊഴിൽ മന്ത്രിയുടെ മറുപടി കേട്ടപ്പോൾ സ്വഭാവികമായി ഒരു സംശയം ഉണ്ടാകുകയാണു്. ഒരു കാലത്തും നിയമമനുസരിച്ചു് ബോണസു് തീരുമാനിച്ചിട്ടില്ല. പേമെൻറു ഓഫ് ബോണസു് ആക്ടു നടപ്പിൽ വന്നതു് 1965 ലാണു്. ആ ആക്ടനുസരിച്ചുള്ള ബോണസു് ഇതുവരെയായിട്ടും തീരുമാനിച്ചിട്ടില്ല. വ്യാവസായികമായി ഇക്കാര്യത്തിൽ ഒരു കീഴ്വഴക്കം ഉണ്ടു്. ആ കീഴ്വഴക്കമാണു് ഈ പ്രശ്നത്തിലും ആശ്രയിക്കേണ്ടതു്. അപ്പലേറ്റു ട്രൈബ്യൂണൽ ഫോർമുല അനുസരിച്ചു് ഒരു പ്രാവശ്യം നിയമമനുസരി

ച്ചുള്ള ബോണസ്സ് ഈ വ്യവസായത്തിൽ തീരുമാനിച്ചിട്ടില്ല. നിയമത്തെ കർക്കശമായി ആശ്രയിക്കേണ്ടിവരുന്ന ഒരു സമീപനം ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നതു് ഇക്കാര്യത്തിൽ ശരിയല്ല. അതുകൊണ്ടാണെന്നെ മാസങ്ങൾക്കുമുമ്പു ഗവണ്മെൻറുണ്ടാക്കിയ കരാറിൽ ഗ്രാറ്റുവിറ്റി കംപ്രിഡ്ജ്യൂമെൻറു് അവകാശം അംഗീകരിച്ചിട്ടുണ്ടു്. അതിനു് നിയമപരമായ നടപടികളും നടത്തേണ്ടതുണ്ടു്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികളും ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണു്. അല്ലാതെ നിയമത്തിൻറെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു് ഇക്കാര്യത്തിനു് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കരുതു്. ഈ വ്യവസായത്തിൽ നിലവിലുള്ള കീഴ്വഴക്കം അനുസരിച്ചു് ഒരു തീരുമാനം സത്വരമായിട്ടെടുക്കേണ്ടതാണു്. അതിനു് വേണ്ടി ബഹുമാനപ്പെട്ട തൊഴിൽമന്ത്രി മുൻകൈയെടുക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്

ശ്രീ. മത്തായി മാഞ്ഞൂരാൻ : അതു തന്നെയാണു് ഞാൻ പറഞ്ഞതു്. ഗവണ്മെൻറു് ഇക്കാര്യത്തിൽ വീണ്ടും വീണ്ടും പരിശ്രമിക്കുന്നതാണു്. ഇതിലുള്ളതു് നിയമപരമായ ഒരു പ്രശ്നമാണു്. മുൻകാലങ്ങളിൽ എല്ലാ നടപടികളും എടുത്തിരുന്നുവോ അതെടുക്കാനുള്ള സമ്മർദ്ദം ചെലുത്തേണ്ടതു് നിയമപരമായ വ്യവസ്ഥകളും അനുസരിച്ചായിരിക്കണം. അതല്ല നിയമം മാറ്റിവച്ചു് ഇക്കാര്യത്തിൽ ഇടപെടണമെന്നുണ്ടെങ്കിൽ അതിനു് ഈ സഭയും ക്യാബിനറ്റും എന്നെ അധികാരപ്പെടുത്തേണ്ടതാണു്. എങ്കിൽ ഇക്കാര്യത്തിൽ ഞാൻ വേണ്ടതു് ചെയ്യാം.

മി. സ്പീക്കർ : ആത്മാർത്ഥമായ പരിശ്രമം ഗവണ്മെൻറുഭാഗത്തു നിന്നു് നടത്തി ഈ പ്രശ്നം പരിഹരിക്കുന്നതാണെന്നു് ഉറപ്പു നൽകിയതിൻറെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് ഞാൻ അനുമതി നൽകുന്നില്ല.

III CALLING ATTENTION UNDER RULE 61

(a) Explosion in the Quarry at Wadakkancherry

മി. സ്പീക്കർ : കഴിഞ്ഞദിവസം ശ്രീ. ശേഷൻ നൽകിയിട്ടുള്ള റൂൾ 61 അനുസരിച്ചു നോട്ടീസിനു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പറയാം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, വടക്കാഞ്ചേരി കോട്ടറ എന്ന സ്ഥലത്തു് കരിങ്കല്ലു് മറിഞ്ഞുവീണു് മൂന്നുപേർ മരണപ്പെടുകയും ഒരാളിനു് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടു്. വളരെ ഭാരമുള്ള വലിയ കരിങ്കല്ലാണു് ഇവരുടെ ദേഹത്തു് മറിഞ്ഞുവീണതു്. അതുകാരണം മറ്റാരെങ്കിലും വന്നു് പൊക്കി മാറ്റാതെ ഇവർക്കു് എഴുന്നേൽക്കുന്നതിനു് സാധിക്കാതെ പോയി. അതിൻറെ ഫലമായിട്ടാണു് മരണപ്പെട്ടതു്. കരിങ്കല്ലു് വീണതിനുശേഷം കൂടെയാളുകളും വന്നു് കല്ലു പൊക്കിമാറ്റിയിട്ടാണു് ഇവരെ പുറത്തേക്കു് എടുത്തതു്. മരിച്ച ആളുകളുടെ ആളുകൾക്കു് തൽക്കാല ആവശ്യങ്ങൾക്കു് അവിടത്തെ തഹശീൽദാർക്കു് അനുവദിക്കാവുന്നതുകയായ അൻപതു രൂപ വീതം കൊടുത്തിട്ടുണ്ടു്. അക്കാര്യത്തെക്കുറിച്ചു് ഗവണ്മെൻറിലേക്കു് ഒരു റിപ്പോർട്ടും അയച്ചുതന്നിട്ടുണ്ടു്. മുറിവേറ്റവരെ ആശുപത്രിയിലാക്കിയിട്ടുണ്ടു്. ഇവർക്കെല്ലാം തന്നെ വർക്കുമെൻസു് കോമ്പൻസേഷൻ ആക്ടനുസരിച്ചു് എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കാമോയെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കാവുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാവുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : അവർക്കു് ഗവണ്മെൻറിൽനിന്നും കൂടുതൽ സംഖ്യ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി പരിഗണിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : അതിനെപ്പറ്റിയാണു് പരിശോധിച്ചുകൊണ്ടിരിക്കുന്നതു്. ഇക്കാര്യത്തിൽ വർക്കുമെൻസു് കോമ്പൻസേഷൻ ആക്ടു പ്രകാരം എന്തെ

LIBRARY ARCHIVES Kerala Legislative Assembly